കോവിഡ് ടെസ്റ്റ് ചാലഞ്ച് ഏറ്റെടുത്ത് ജില്ലാ കളക്ടർ

ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു ആന്റിജൻ ടെസ്റ്റ് ചെയ്യുന്നു

കാസർകോട്: കോവിഡിനെ പ്രതിരോധിക്കാൻ കാസർകോട് ജില്ലാതല ഐ ഇ സി കോ ഓർഡിനേഷൻ കമ്മിറ്റി ജില്ലയിൽ ആരംഭിച്ച ആന്റിജെൻ ടെസ്റ്റ് ചാലഞ്ച് ഏറ്റെടുത്ത് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു. ഡിസംബർ 14 വരെ നീണ്ടുനിൽക്കുന്ന കോവിഡ് ടെസ്റ്റ് ചാലഞ്ചിൽ ആദ്യ ദിനം ആന്റിജൻ ടെസ്റ്റ് നടത്തിയ എ ഡി എം എൻ ദേവീദാസ് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബുവിനെ ചാലഞ്ച് ചെയ്തിരുന്നു. ചാലഞ്ച് ഏറ്റെടുത്ത കളക്ടർ കളക്ടറേറ്റിലാണ് ആന്റിജൻ ടെസ്റ്റ് നടത്തിയത്. ടെസ്റ്റ് ഫലം നെഗറ്റീവാണ്. ടെസ്റ്റ് ചെയ്യുന്ന ഫോട്ടോയോടൊപ്പം ഞാൻ കോവിഡ് ടെസ്റ്റ് ചെയ്തു. നെഗറ്റീവാണ് എന്നെഴുതി കളക്ടറുടെ ഒദ്യോഗിക ഫെയ്സ്ബുക്ക് പേജിൽ ജില്ലാ പൊലീസ് മേധാവി ഡി ശിൽപയെ ചാലഞ്ച് ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ ജില്ലയിലെ ഉന്നത ഉദ്യോഗസ്ഥരും സാമൂഹിക സാംസ്ക്കാരിക രംഗത്തെ പ്രമുഖരും മാധ്യമപ്രവർത്തകരും ചാലഞ്ച് ഏറ്റെടുക്കും' കോവിഡ് ടെസ്റ്റ് വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ടെസ്റ്റ് ചാലഞ്ചിന് കാസർകോട് ജില്ലയിൽ തുടക്കം കുറിച്ചത്. ആന്റിജെൻ ടെസ്റ്റ് ചാലഞ്ച് എന്ന ഹാഷ് ടാഗിൽ വിവിധ നവമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത് പൊതുജനങ്ങൾക്കും ചാലഞ്ചിന്റെ ഭാഗമാകാം.

കണ്ണടകൾ വിതരണം ചെയ്തു

തൃക്കരിപ്പൂർ: സമഗ്രശിക്ഷാ കേരള ചെറുവത്തൂർ ബി ആർ സി തൃക്കരിപ്പൂർ ലയൺസ് ക്ലബ്ബിന്റെ സഹകരണത്തോടെ കാഴ്ച്ച പരിമിതിയിലുള്ള കുട്ടികൾക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്തു. ചന്തേര പൊലീസ് സർക്കിൾ ഇൻസ്പെക്ടർ പി നാരായണൻ ഉദ്ഘാടനം ചെയ്തു. റീജിയണൽ ചെയർമാൻ ജയരാജൻ കുട്ടമത്ത് കണ്ണടവിതരണം നിർവ്വഹിച്ചു.

ദേശീയ പണിമുടക്ക്; കുടുംബ ധർണ വിജയിപ്പിക്കണം: സംയുക്ത ട്രേഡ് യൂണിയൻ സമിതി

കാസർകോട്: മോദി സർക്കാരിന്റെ ദേശവിരുദ്ധ,ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള നവംബർ 26ന്റെ ദേശീയ പണിമുടക്ക് ജില്ലയിൽ വൻ വിജയമാക്കാനുള്ള പ്രവർത്തനങ്ങൾ വിപുലമായി സംഘടിപ്പിക്കാൻ ജില്ലാ നേതൃയോഗം മുഴുവൻ തൊഴിലാളികളോടും അഭ്യർത്ഥിച്ചു. പണിമുടക്കിൽ കൃഷിക്കാർ, ദേശീയതൊഴിലുറപ്പ് തൊഴിലാളികൾ,കർഷക തൊഴിലാളികൾ, കേന്ദ്ര സംസ്ഥാന ഗവൺമെന്റ് ജീവനക്കാർ, ബാങ്കിംഗ് -ധനകാര്യ മേഖലയിലെ ജീവനക്കാർ ഉൾപ്പെടെ പണിയെടുത്ത് ജീവിക്കുന്നവരെല്ലാം പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു. പണിമുടക്കിന്റെ വിളംബരമായി 21 തൊഴിലാളികൾ അവരവരുടെ വീടിനു മുൻപിൽ കുടുംബാംഗങ്ങളോടൊപ്പം ധർണ്ണ നടത്തി. ജില്ലയിലെ 12 മേഖലകളിൽ പണിമുടക്കിന്റെ സന്ദേശം അറിയിച്ചുകൊണ്ട് 24ന് മൈക്ക് പ്രചരണം നടത്താനും തീരുമാനിച്ചു. യോഗത്തിൽ കെ.വി.കൃഷ്ണൻ ആധ്യക്ഷം വഹിച്ചു. ടി.കെ.രാജൻ സംസാരിച്ചു.

മൊഗ്രാലിൽ റെയിൽപാതയോടു ചേർന്നു വളർന്നു പന്തലിച്ച കാട് റെയിൽവെ ജീവനക്കാർ നീക്കം ചെയ്യുന്നു

ആദം സഖാഫി കുടുംബ സഹായനിധി ഉദ്ഘാടനം ചെയ്തു

പുത്തിഗെ: ഇരുപത്തിമൂന്ന് വർഷം മുഹിമ്മാത്തിൽ സദർ മുഅല്ലിമും ജില്ലയിലും ദക്ഷിണ കന്നഡയിലും വിവിധ മദ് റസകളിലും സദർ മുഅല്ലിമായും സേവനം അനുഷ്ഠിച്ച് കഴിഞ്ഞ മാസം വിട പറഞ്ഞ ആദം സഖാഫിയുടെ കുടുംബത്തെ സഹായിക്കുന്നതിന് മുഹിമ്മാത്തും ജില്ലാ സഖാഫി ശൂറയും ജില്ലാ സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയും സംയുക്തമായി സഹായ സമിതിക്ക് രൂപം നൽകി.സഹായ നിധിയുടെ ഉദ്ഘാടനം സയ്യിദ് കെ എസ് ആറ്റക്കോയ തങ്ങൾ കുമ്പോൽ,ഉളുവാർ എയറോസോഫ്റ്റ് അബ്ദുള്ള ഹാജിയിൽ നിന്ന് ഫണ്ട് ഏറ്റുവാങ്ങി നിർവ്വഹിച്ചു.

സഹായ സമിതിയുടെ ഭാരവാഹികളായി സയ്യിദ് കെ എസ് ആറ്റക്കോയ തങ്ങൾ (ചെയ.)സയ്യിദ് മുഹമ്മദ് മദനി തങ്ങൾ മൊഗ്രാൽ, ബി എസ് അബ്ദുള്ള കുഞ്ഞി ഫൈസി, സയ്യിദ് സൈനുൽ ആബിദീൻ തങ്ങൾ കണ്ണവം,കൊല്ലമ്പാടി അബ്ദുൽ ഖാദർ സഅദി,അഷ്റഫ് സഅദി ആരിക്കാടി (വൈസ് ചെയ.)കാട്ടിപ്പാറ അബ്ദുൽ ഖാദിർ സഖാഫി (ജന. കൺ.),സയ്യിദ് ഹാമിദ് അൻവർ അഹ്ദൽ തങ്ങൾ, ജമാൽ സഖാഫി ആദൂർ, ഹാഫിള് ഷാഫി സഖാഫി ഏണിയാടി, എ. കെ സഅദി ചുള്ളിക്കാനം, അബ്ദുൽ റഹ്മാൻ സഅദി പള്ളപ്പാടി (ജോ. കൺ.)സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ (ഫി. സെക്ര.) എന്നിവരെ തെരഞ്ഞെടുത്തു.

അക്കൗണ്ട് നമ്പർ: 40417101061008. അക്കൗണ്ട് ഹോൾഡർ: ആദം സഖാഫി ഫാമിലി വെൽഫെയർ ഫണ്ട്. ബ്രാഞ്ച്: കേരള ഗ്രാമീൺ ബാങ്ക് പുത്തിഗെ. ഐ എഫ് എസ് സി: കെ എൽ ജി ബി 0040417. ഗൂഗിൾ പേ നമ്പർ: 8547350009.

ആദം സഖാഫി സഹായ നിധിയുടെ ഉദ്ഘാടനം സയ്യിദ് കെ എസ് ആറ്റക്കോയ തങ്ങൾ കുമ്പോൽ,ഉളുവാർ അബ്ദുള്ള ഹാജിയിൽ നിന്ന് ഫണ്ട് ഏറ്റുവാങ്ങി നിർവഹിക്കുന്നു

കാട് കയറിയ റെയിൽപാളം: ശുചീകരണം തുടങ്ങി

മൊഗ്രാൽ: കാടുമൂടി കിടന്ന റെയിൽവേ ഇരട്ടപാതയിൽ ശുചീകരണം തുടങ്ങി. റെയിൽപാളത്തിന്റെ ഇരു വശവും കാടുമൂടി കിടക്കുന്നത് കാരണം ട്രെയിൻ വരുമ്പോൾ കാൽനട യാത്രക്കാർക്ക് മാറിനിൽക്കാൻ കഴിയാത്ത സാഹചര്യവും, അപകട ഭീഷണിയും നിലനിന്നിരുന്നു. കാടുകൾ വെട്ടിമാറ്റാൻ റെയിൽവേ അധികൃതർ നടപടി സ്വീകരിച്ചത്.

ശാസ്ത്ര പഥം ക്ലാസുകൾ

പയ്യന്നൂർ: ശാസ്ത്ര അഭിരുചിയും ഗവേഷണ പാടവവുമുള്ള പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കുവേണ്ടി പയ്യന്നൂർ ബി ആർ സിയിൽ ഒന്നാം ഘട്ടമായി ശാസ്ത്രപഥം വെബിനാർ ക്ലാസുകൾ നടത്തി. ഇതിനെ ആസ്പദമാക്കി സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ വിഭാഗങ്ങളിലായുള്ള ഉപജില്ലാതല പ്രൊജക്ട് അവതരണം 25ന് പയ്യന്നൂർ ബി ആർ സിയിൽ നടക്കും.

കാസർകോട് നഗരസഭാ ഇടതു മുന്നണി തെരഞ്ഞെടുപ്പു കൺവെൻഷൻ സി എച്ച് കുഞ്ഞമ്പു ഉദ്ഘാടനം ചെയ്യുന്നു

തെരഞ്ഞെടുപ്പിനു ചൂടു പകരാൻ നേതാക്കൾ എത്തുന്നു

കാസർകോട്: നിയമസഭാ തെരഞ്ഞെടുപ്പിന്റെ സെമി ഫൈനൽ എന്നു വിശേഷിപ്പിക്കുന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പു പോരാട്ടത്തിന് കരുത്തും വീര്യവും പകരാൻ നേതാക്കൾ എത്തുന്നു.

കെ പി സി സി ജനറൽ സെക്രട്ടറി മുല്ലപ്പള്ളി രാമചന്ദ്രൻ ഡിസംബർ, 2,11 തീയ്യതികളിൽ കാസർകോട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ തെരഞ്ഞെടുപ്പു പ്രചരണ യോഗങ്ങളിൽ പങ്കെടുക്കും.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഡിസംബർ 11നു ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ സംസാരിക്കും. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നാലിനും യു ഡി എഫ് കൺവീനർ എം എം ഹസ്സൻ ഡിസംബർ 11നും ജില്ലയിലെത്തും. ഇടതുമുന്നണി സ്ഥാനാർത്ഥികളുടെ പ്രചരണത്തിനായി മുഖ്യമന്ത്രിയും മന്ത്രിമാരും അടക്കമുള്ളവരും എത്തും. എന്നാൽ തീയ്യതികൾ തീരുമാനിച്ചിട്ടില്ല. ലീഗു നേതാക്കളും തെരഞ്ഞെടുപ്പു പ്രചരണത്തിനു എത്തും. ആരോക്കെയായിരിക്കും എത്തുകയെന്ന് അന്തിമ തീരുമാനത്തിലെത്തിയിട്ടില്ല. ബി ജെ പി സ്ഥാനാർത്ഥികളുടെ പ്രചരണത്തിനു വേണ്ടിയും ഉന്നത നേതാക്കളെത്തും. കേന്ദ്ര മന്ത്രിമാരെയും കർണ്ണാടക മന്ത്രിമാരെയും എത്തിച്ച് തെരഞ്ഞെടുപ്പ് പ്രചരണം ശക്തമാക്കാനുള്ള ശ്രമത്തിലാണ് ബി ജെ പി.

അജാനൂർ പഞ്ചായത്ത് ഇരുപത്തിയൊന്നാം വാർഡ് യുഡിഎഫ് തെരെഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം എം പി രാജ് മോഹൻ ഉണ്ണിത്താൻ നിർവ്വഹിക്കുന്നു

തിരഞ്ഞെടുപ്പ് പൊലീസ് ഉദ്യോഗസ്ഥരുടെ യോഗംചേർന്നു

കാസർകോട്: തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടുന്ന മുൻകരുതലുകളെ കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാ കലക്ടർ ഡോ. ഡി സജിത്ത് ബാബുവിന്റെ സാന്നിധ്യത്തിൽ യോഗം ചേർന്നു. പ്രശ്നസാധ്യതാ പ്രദേശങ്ങളിൽ സുഗമമായി തിരഞ്ഞെടുപ്പു ഉറപ്പാക്കാൻ ഏർപ്പെടുത്തേണ്ടുന്ന നിയന്ത്രണങ്ങളെ കുറിച്ച് യോഗം ചർച്ച ചെയ്തു. ജില്ലാ പൊലീസ് മേധാവി ഡി ശിൽപ, സബ് കലക്ടർ ഡി ആർ മേഘശ്രീ, ഡെപ്യൂട്ടി കലക്ടർ എ കെ രമേന്ദ്രൻ, ആർ ഡി ഒ വി ജെ ശംസുദ്ദീൻ, എ എസ് പി സേവ്യർ സെബാസ്റ്റ്യൻ, ഡി വൈ എസ് പി കെ ഹരിശ്ചന്ദ്രനായിക് സംസാരിച്ചു.

വോട്ട് വികസനത്തിന്: എം പി

കാഞ്ഞങ്ങാട്: അഞ്ച് വർഷക്കാലത്തെ അജാനൂർ പഞ്ചായത്തിലെ എൽ ഡി എഫ് ഭരണ സമിതിയുടെ വികസന മുരടിപ്പിനെതിരെ സമഗ്ര വികസനമുന്നേറ്റത്തിന് ഐക്യ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികൾക്ക് വോട്ട് നൽകണമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എം പി അഭ്യർത്ഥിച്ചു. അജാനൂർ പഞ്ചായത്ത് ഇരുപത്തിയൊന്നാം വാർഡ് യുഡി.എഫ് തെരെഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വാർഡ് മുസ്ലിം ലീഗ് പ്രസിഡന്റ് ബഷീർ മാട്ടുമ്മൽ ആധ്യക്ഷം വഹിച്ചു. മുൻ മെമ്പർ പി പി നസീമക്കു വാർഡ് കമ്മിറ്റിയുടെ ഉപഹാരം മണ്ഡലം മുസ്ലിം ലീഗ് സെക്രട്ടറി വൺ ഫോർ അബ്ദുറഹ്മാൻ സമ്മാനിച്ചു. കോൺഗ്രസ് ജില്ലാ സെക്രട്ടറി പി.വി സുരേഷ്, മുസ്ലിം ലീഗ് മണ്ഡലം നേതാക്കളായ തെരുവത്ത് മൂസ ഹാജി, പി എം ഫാറൂഖ് ഹാജി, ബഷീർ വെള്ളിക്കോത്ത്, ഇസ്മയിൽ ചിത്താരി, സി.വി. തമ്പാൻ, വി. കമ്മാരൻ, മുബാറക്ക് ഹസൈനാർ ഹാജി, ബഷീർ ആറങ്ങാടി, എ.പി ഉമ്മർ, ജംഷീദ് കുന്നുമ്മൽ, സലീം ബാരിക്കാട്, എം ഹസൈനാർ, കരീം സി കെ, ബഷീർ ചിത്താരി, റാഫി തായൽ,സുബൈർ സി, പി, സി കെ ഇർഷാദ്, ഹാജറ സലാം, ലക്ഷ്മി തമ്പാൻ, സി.കെ ആസിഫ് മുഹമ്മദ് കുഞ്ഞി എം.കെ, വി നോദ് ടി.കെ സംസാരിച്ചു.

പരപ്പ, പ്രതിഭാനഗറിൽ ആരംഭിച്ച പ്രചാരണക്കുടിൽ

എൽ.ഡി.എഫ് സ്ഥാനാർത്ഥികളുടെ വിജയത്തിനായി പരപ്പ പ്രതിഭാനഗറിൽ പ്രചാരണക്കുടിൽ തുറന്നു

കാഞ്ഞങ്ങാട് :തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ജില്ല - ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് എൽ.ഡി.എഫ് സ്ഥാനാർത്ഥികളായ ശകുന്തള .കെ, പി.വി.ചന്ദ്രൻ ,രമ്യ കെ എന്നിവരുടെ വിജയത്തിനായുള്ള പ്രവർത്തനങ്ങൾക്കായി പരപ്പ - പ്രതിഭാനഗറിൽ പ്രചാരണക്കുടിൽ ഓഫീസ് തുറന്നു. കിനാനൂർ -കരിന്തളം പഞ്ചായത്ത് എട്ടാം വാർഡ് എൽ.ഡി.എഫ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഹരിത പ്രോട്ടോകോൾ പ്രകാരം നിർമിച്ച പ്രചാരണ കുടിൽ പരപ്പ ബ്ലോക്ക് പഞ്ചായത്ത് സ്ഥാനാർത്ഥി പി.വി. ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പി. ബാലകൃഷ്ണൻ ആധ്യക്ഷം വഹിച്ചു. വാർഡ് സ്ഥാനാർത്ഥി കെ.രമ്യ, എ. ആർ.രാജു, കെ.ടി.ദാമോദരൻ, പി.സുരേന്ദ്രൻ, ചന്ദ്രൻ പൈക്ക, വി.ബാലകൃഷ്ണൻ സംസാരിച്ചു.

അജാനൂർ പഞ്ചായത്ത് പതിനാറാം വാർഡ് യു.ഡി.എഫ്. സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പു കമ്മിറ്റി ഓഫീസ് കൊളവയൽ ലീഗ് ഹൗസിൽ മുസ്ലീം ലീഗ് ദേശീയ കൗൺസിൽ അംഗം എ.ഹമീദ് ഹാജി ഉൽഘാടനം ചെയ്യുന്നു.

ഉദുമ പടിഞ്ഞാർ ഭദ്രകാളി ക്ഷേത്രം പുനരുദ്ധീകരിക്കാൻ നാട്ടു കൂട്ടായ്മ

ഉദുമ പടിഞ്ഞാർ ഭദ്രകാളി ക്ഷേത്രം പുനരുദ്ധീകരിക്കാൻ ചേർന്ന നാട്ടുകൂട്ടായ്മയിൽ പങ്കെടുത്തവർ

പാലക്കുന്ന് : നാമാവശേഷമായ ഉദുമ പടിഞ്ഞാർ ഭദ്രകാളി ക്ഷേത്രം പുനരുദ്ധീകരിക്കാൻ തദ്ദേശവാസികളുടെ കൂട്ടായ്മ ശ്രമം തുടങ്ങി. പയ്യന്നൂർ രാംകുമാർ, ഉദുമ കുഞ്ഞിരാമൻ, സുധീഷ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ സ്വർണപ്രശ്ന ചിന്തയിലാണ് ക്ഷേത്രത്തെ കുറിച്ച് അറിയാൻ സാധിച്ചത്. ക്ഷേത്ര നിർമാണത്തിന് അഞ്ചു സെന്റ് ഭൂമി പരേതനായ ചെരിപ്പാടി വളപ്പിൽ ബമ്പന്റെ മക്കളും അഞ്ചു സെന്റ് ഭൂമിയുടെ തുക പരേതനായ വാഴുന്നോർ വളപ്പിൽ കണ്ണന്റെ പേര മക്കളും ഓരോ സെന്റ് വീതം മറ്റു ചിലരും സംഭാവനയായി നൽകി.കേരളത്തിന്റെ വടക്കൻ ഭാഗത്തുള്ള ഏക ഭദ്രകാളി ക്ഷേത്രമാണിതെന്ന് പറയപ്പെടുന്നു. പുനരുദ്ധാരണ കമ്മിറ്റി ഭാരവാഹികളായി കെ.വി. കുഞ്ഞിക്കോരൻ പ്രസി), എം. കുഞ്ഞിരാമൻ നായർ, സി. ബാലകൃഷ്ണൻ (വൈ. പ്രസി), എ.കെ. സുകുമാരൻ(ജനറൽ സെക്ര), വി. വി. ദാമോദരൻ, എ.വി. വാമനൻ(സെക്ര), യു. രാഘവൻ ട്രഷ) എന്നിവരെ തിരഞ്ഞെടുത്തു.

ചികിത്സാ സഹായം കൈമാറി

കാഞ്ഞങ്ങാട്: ചെമ്മട്ടംവയലിനു സമീപം അടമ്പിലിൽ വാടകയ്ക്ക് താമസിക്കുന്ന നിർധന കാൻസർ രോഗി മധുവിന്റെ ഓപ്പറേഷന് ആവശ്യമായ തുക കാഞ്ഞങ്ങാട് പെയിൻ ആൻറ് പാലിയേറ്റീവ് കെയർ സൊസൈറ്റി സമാഹരിച്ചു നൽകി.കൂലിപ്പണി ചെയ്തു കിട്ടുന്ന പണം കൊണ്ട് വാടക കൊടുത്തും രണ്ട് പെൺകുട്ടികൾ അടങ്ങുന്ന കുടുംബം പോറ്റിയും കഴിയുന്നതിനിടയിലാണ് മധുവിന് കാൻസർ ബാധിച്ചത്. അന്നന്നത്തെ ജീവിതച്ചിലവിനു പോലും വഴി കാണാനാകാതെ വിഷമിക്കുന്ന അവരുടെ അവസ്ഥ മനസ്സിലാക്കി, ഓപ്പറേഷനാവശ്യമായ തുക സമാഹരിച്ചു നൽകുകയായിരുന്നു സൊസൈറ്റി. പ്രസിഡന്റ് പദ്മനാഭൻ ടി, രക്ഷാധികാരി ശ്രീകണ്ഠൻ നായർ എന്നിവർ ചേർന്ന് മധുവിന്റെ ഭാര്യ സുമതിക്ക് തുക കൈമാറി. നഗരസഭാ മുൻ ചെയർമാനും സൊസൈറ്റി രക്ഷാധികാരിയുമായ വി വി രമേശൻ, ശശികല, ഗോകുലാനന്ദൻ, ജോഷിമോൻ കെ ടി സംബന്ധിച്ചു.

മധുവിനുള്ള ചികിത്സാ സഹായം കാഞ്ഞങ്ങാട് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി ഭാരവാഹികൾ നൽകുന്നു

കുഞ്ഞിക്കണ്ണൻ ആയത്താരെ ആദരിച്ചു

കപ്പണക്കാൽ കുഞ്ഞിക്കണ്ണൻ ആയത്താരെ പാലക്കുന്ന് ക്ഷേത്ര ഭരണ സമിതി ജനറൽ സെക്രട്ടറി ഉദയമംഗലം സുകുമാരൻ ആദരിക്കുന്നു

പാലക്കുന്ന്: ആചാര സ്ഥാനിക രംഗത്ത് അമ്പതാണ്ട് പിന്നിട്ട പാലക്കുന്ന് കഴകം ഭഗവതി ക്ഷേത്രത്തിലെ മൂത്ത ഭഗവതിയുടെ നർത്തകൻ കപ്പണക്കാൽ കുഞ്ഞിക്കണ്ണൻ ആയത്താരെ ഒന്നാം കിഴക്കേക്കര പ്രാദേശിക സമിതി ആദരിച്ചു. ക്ഷേത്ര ഭരണ സമിതി ജനറൽ സെക്രട്ടറി ഉദയമംഗലം സുകുമാരൻ പുരസ്കാരവും പ്രാദേശിക സമിതി പ്രസിഡന്റ്, കെ. വിശാലാക്ഷൻ പൊന്നാടയും അണിയിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയ ആഷിക രാഘവൻ, ശ്രേയ കുഞ്ഞിരാമൻ, നന്ദന ചന്ദ്രൻ, വർഷ ചന്ദ്രമോഹൻ(പ്ലസ് ടു) എന്നിവരെ അനുമോദിച്ചു. കെ. വിശാലാക്ഷൻ ആധ്യക്ഷം വഹിച്ചു. ബാലകൃഷ്ണൻ ഉദയമംഗലം, രോഹിണി ഭാസ്ക്കരൻ, കെ. ഉണ്ണികൃഷ്ണൻ, കെ.വി. രാഘവൻ, കെ. ആർ. കുഞ്ഞിരാമൻ, ബിന്ദു കുഞ്ഞിരാമൻ, സുനിത ബാബു സംസാരിച്ചു.

പരിശീലനം നൽകി

കാഞ്ഞങ്ങാട്: റ്റി ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ നടപ്പിലാക്കുന്ന യുവകേരളം സൗജന്യ ട്രെയിനിങ് പ്രോഗ്രാമിന്റെ ഭാഗമായി സാംവിറ്റ് എജുക്കേഷണൽ ട്രസ്റ്റ് നേതൃത്വത്തിൽ ചുള്ളിക്കര ഡോൺ ബോസ്കോയിൽ സൗജന്യ ഓറിയന്റേഷൻ ക്ലാസ് നടത്തി. എസ്. എസ്. എൽ. സി കഴിഞ്ഞ 18 നും 35 നും ഇടയിലുള്ളവർക്കുള്ള സൗജന്യ ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന്റെ ഭാഗമായാണ് ഓറിയന്റേഷൻ ക്ലാസ്. ഹോട്ടൽ മാനേജ്മെന്റ് കോഴ്സിൽ പങ്കെടുക്കുന്നവർക്ക് സൗജന്യമായി കമ്പ്യൂട്ടർ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസനം എന്നീ ക്ലാസുകൾ നൽകി.

മുഗുറോഡ് താജുൽ ഉലമ സുന്നി സെന്ററിന് കീഴിൽ നടന്ന ബുർദ്ധ മജ്ലിസിന് ഹാഫിള് അൻവറലി സഖാഫി ശിറിയ നേതൃത്വം നൽകുന്നു